Kerala Gazette No.26 dated 28th June 1988
PartI

**കേരള സർക്കാർ**

സംഗ്രഹം

സെക്രട്ടറിയേററ് – എസ്ററാബ്ലിഷ്മെൻറ് – അഡ്മിനിസ്ട്രേററീവ് സെക്രട്ടേറിയേററിലെ സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമന സംപ്രദായവും യോഗ്യതയും–ബിരുദധാരികളായ ടൈപ്പിസ്ററുമാരേയും,കോൺഫിഡൻഷ്യൽ അസിസ്ററന്റുമാരേയും യോഗ്യതാ നിർണ്ണയ പരീക്ഷയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവ്വീസസ്–ഇ) വകുപ്പ്**

സർക്കാർ ഉത്തരവ് (പി) നമ്പർ 219/88/ജി.എ.ഡി. തിരുവനന്തപുരം,1988 ജൂൺ 17.

---

പരാമർശം:–
(1). 7–10–1977–ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 342/77/ജി.എ.ഡി.
(2). 7–10–1978–ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 461/78/ജി.എ.ഡി.
(3). കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 22–1–1985, 26–12–1986, 9–10–1987 എന്നീ തീയതികളിലെ എവി (2) 20986/84/ജി.ഡബ്ലിയു. നമ്പർ കത്തുകൾ.

**ഉത്തരവ്**

മുകളിൽ ഒന്നാമതായി പരാമർശിച്ച ഉത്തരവിൽ അഡ്മിനിസ്ട്രേററീവ് സെക്രട്ടേറിയേററിലെ സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമന സംപ്രദായവും യോഗ്യതയും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുസരിച്ച് സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനം ടൈപിസ്ററ്,നേരിട്ട് നിയമനം ലഭിച്ച കോൺഫിഡൻഷ്യൽ അസിസ്ററൻെറ്, സീനിയർ ഗ്രേഡ് അസിസ്ററൻെറ് അവരുടെ അഭാവത്തിൽ അസിസ്ററൻെറ് ഗ്രേഡ് ഒന്ന് (മേൽ വിവരിച്ച വിഭാഗങ്ങളിൽ നിന്നും ഓഫീസ് സൂപ്രണ്ട്) ആയവർ ഉൾപ്പെടെ എന്നിവരിൽ നിന്നും 2 : 1 : 1 : 30 എന്ന അനുപാതത്തിലാണ് നടത്തേണ്ടത്. സെക്ഷൻ ഓഫീസർ തസ്തികയിലേക്കുള്ള നിയമനത്തിനുള്ള അർഹത നേടുന്നതിന് ബിരുദധാരികളല്ലാത്ത അസിസ്ററൻെറ്,ടൈപിസ്ററ്, കോൺഫിഡൻഷ്യൽ അസിസ്ററൻെറ് എന്നീ വിഭാഗത്തിൽപ്പെട്ടവർ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന യോഗ്യത നിർണ്ണയ പരീക്ഷ പാസ്സായിരിക്കണം. ടൈപിസ്ററുമാരും കോൺഫിഡൻഷ്യൽ അസിസ്ററൻെറുമാരും യോഗ്യത നിർണ്ണയ പരീക്ഷ പാസ്സായതിനുശേഷം അസിസ്ററൻറായി കുറഞ്ഞത് ഒരു വർഷത്തെയെങ്കിലും തൃപ്തികരമായ പരിശീലനം പൂർത്തീകരിച്ചെങ്കിൽ മാത്രമേ സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് നിയമുക്കപ്പെടുവാൻ അർഹരാവുകയുള്ളു. ബിരുദധാരികളായ ടൈപിസ്ററ്, കോൺഫിഡൻഷ്യൽ അസിസ്ററൻെറ് എന്നിവരെ സെക്ഷൻ ഓഫീസ തസ്തികയിലേയ്ക്ക് നിയമിക്കുന്നതിനുള്ള യോഗ്യത നിർണ്ണയ പരീക്ഷയിൽ നിന്നും ഒഴിവാക്കുന്ന കാര്യം സർക്കാർ കുറച്ചു നാളായി പരിശോധിച്ചു വരികയായിരുന്നു.

വിശദമായ പരിശോധയ്ക്കും കേരള പബ്ളിക് സർവ്വീസ് കമ്മീഷനുമായുള്ള കൂടിയാലോചനയ്ക്കു ശേഷം അഡ്മിനിസ്ട്രേററീവ് സെക്രട്ടറിയേററിലെ സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിന് ടൈപ്പിസ്ററുമാർക്കും കോൺഫിഡൻഷ്യൽ അസിസ്ററൻെറ്മാർക്കും നിശ്ചയിച്ചിട്ടുള്ള യോഗ്യത നിർണ്ണയ പരീക്ഷയിൽ നിന്നും അഡ്മിനിസ്ട്രേററീവ് സെക്രട്ടേറിയേററിലെ ബീരുദധാരികളായ ടൈപിസ്ററുമാരേയും താവെ പറയുന്ന നിബന്ധനകൾക്കും വിധേയമായി ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തപവ് പുറപ്പെടുവിക്കുന്നു.

(എ). അവരെ യോഗ്യത നിർണ്ണയ പരീക്ഷ പാസാകുന്ന ടൈപ്പിസ്ററ് കോൺഫിഡൻഷ്യൽ അസിസ്ററൻെറ് എന്നിലരൊടൊപ്പം നിലവിലുള്ള അനുപാത്തതിൽ സെക്ഷൻ ഓഫീസർ തസ്തികയിലേ.ക്ക് പരിഗണിക്കും.

(ബി). മററ് ടൈപിസ്ററ്/കോൺഫിഡൻഷ്യൽ അസിസ്ററൻെറ് എന്നിവരെപ്പോലെ സെക്രട്ടേറിയേററ് മാനുവലും അകൗണ്ട് ടെസ്ററ് ലോവറും പാസായിട്ടുള്ള ബിരുദധാരികളായ ടൈപ്പിസ്ററ് കോൺഫിഡൻഷ്യൽ അസിസ്ററൻെറും സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിനു മുമ്പ് അസിസ്ററൻെറായി ഒരു വർഷത്തെ തൃപ്തികരമായ പരിശീലനം പൂർത്തീകരിച്ചിരിക്കണം.

(സി). എല്ലാവിധത്തിലും യോഗ്യത നേടിയ ബരുദധാരിയായ ടൈപ്പിസ്ററിനോ കോൺഫിഡൻഷ്യൽ അസിസ്ററൻെറിനോ സെക്ഷൻ ഓഫീസറായി നിയമനം ലഭിക്കുന്നതിനു വേണ്ടി അവരുടെ ഊഴം വരുമ്പോൾ സെക്ഷൻ ഓഫീസറായി അടുത്ത നിയമനം ലഭിക്കേണ്ട സീനിയർ ഗ്രേഡ് അസിസ്ററൻെറിനേയോ, ഒന്നാം ഗ്രേഡ് അസിസ്ററൻെറിനേയോ വയസ്സിന് തുല്യമോ കുറവോ ആയിരുന്നാൽ പ്രസ്തുത

അസിസ്ററൻെറിനു മുൻപായി ഉത്തരത്തിലുള്ള ടൈപ്പിസ്ററിനും കോൺഫിഡൻഷ്യൽ അസിസ്ററൻെറിനും സെക്ഷൻ ഓഫീസറായി നിയമനം നൽകുന്നില്ല.

(ഡി). ഇപ്പോൾ യോഗ്യ നിർണ്ണയ പരീക്ഷ പാസ്സായി സെക്ഷൻ ഓഫീസർ നിയമനം പ്രതീക്ഷിച്ചു കഴിയുന്ന ടൈപ്പിസ്റ്റുമാർക്കും കോൺഫിഡൻഷ്യൽ അസിസ്റ്റൻറുമാർക്കും മുൻപായി ബിരുദധാരികളായ ടൈപ്പിസ്റ്റുമാരേയും കോൺഫിഡൻഷ്യൽ അസിസ്റ്റൻറുമാരേയും സെക്ഷൻ ഓഫീസർമാരായി നിയമിക്കുകയില്ല. എന്നാൽ ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് എന്നിവരുടെ ഊഴം വരുമ്പോൾ പ്രസ്തുത വിഭാഗങ്ങളിൽ യോഗ്യതാ നിർണ്ണയപരീക്ഷ പാസ്സായി അസിസ്റ്റൻറായി പരിശീലനം നേടി അർഹതയുള്ളവർ ഇല്ലാതെ വന്നാൽ അങ്ങനെയുള്ള ഒഴിവുകളിൽ അർഹതയുള്ള ബിരുദധാരികളായ ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റൻറുമാരെ നിയമിക്കുന്നതാണ്.

ഒപ്പ്
ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**സി. രാമചന്ദ്രൻ,**
ഗവൺമെൻറ് സെക്രട്ടറി.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖകത്തുസഹിതം)
പൊതുഭരണ (അക്കൗണ്ട്സ് – ഡി, ഇ.എച്ച്.) (എസ്.എസ്) (സ്പെഷ്യൽ–എ, ബി, സി) (സർവ്വീസസ്–എ) വകുപ്പുകൾക്ക്.
ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (റൂൾസ്) വകുപ്പിന് ആവശ്യമായ നടപടിക്ക്.
രജിസ്ട്രാർ, കേരള/കാലിക്കട്ട്/കൊച്ചി/മഹാത്മാഗാന്ധി സർവ്വകലാശാല പൊതുഭരണ (എസ്.സി.) വകുപ്പ്.
സെക്രട്ടറി, കേരള നിയമസഭ സെക്രട്ടേറിയററ് (ആമുഖകത്തുസഹിതം)
അഡ്മിനിസ്ട്രേററീവ് സെക്രട്ടേറിയററിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും/ഡെപ്യൂട്ടി സെക്രട്ടറി തൊട്ട് മുകളിലുള്ള എല്ലാ ഓഫീസർമാർക്കും.

**പകർപ്പ്**

ജനറൽ സെക്രട്ടറി, കേരള സെക്രട്ടേറിയററ് എംപ്ലോയീസ് അസോസിയേഷൻ.
സെക്രട്ടറി, കേരള സെക്രട്ടറിയേററ് അസോസിയേഷൻ.
സെക്രട്ടറി, കേരള സെക്രട്ടറിയേററ് എൻ.ജി.ഒ. അസോസിയേഷൻ.
ജനറൽ സെക്രട്ടറി, സെക്രട്ടേറിയററ് കോൺഫിഡൻഷ്യൽ അസിസ്റ്റൻറ്സ് അസോസിയേഷൻ.
ജനറൽ സെക്രട്ടറി, സെക്രട്ടേറിയററ് സ്റ്റാഫ് അസോസിയേഷൻ.